SCOLE
KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

നം: സി 4/644/26/സ്കോൾ-കേരള

തീയതി: 13.02.2026

# അറിയിപ്പ്

## സ്കോൾ – കേരള ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സ് ഇൻസ്ട്രക്ടർമാരുടെ പാനലിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

സ്കോൾ-കേരള മുഖേന ആരംഭിക്കുന്ന ഡിപ്ലോമ ഇൻ ചൈൽഡ് കെയർ ആന്റ് പ്രീസ്കൂൾ മാനേജ്മെന്റ് കോഴ്സിന്റെ ഇൻസ്ട്രക്ടർമാരുടെ പാനൽ തയ്യാറാക്കുന്നതിന് 14 ജില്ലകളിൽ നിന്നും നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിക്കുന്നു. ഓൺലൈനായിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അധ്യാപന രംഗത്തും ശിശുവിദ്യാഭ്യാസ രംഗത്തും ശിശുപരിപാലന രംഗത്തും യോഗ്യതയും കഴിവും തെളിയിച്ച വിദഗ്ധരായ അധ്യാപകരെയാണ് പരിശീലകരായി തെരഞ്ഞെടുക്കുന്നത്. അംഗീകൃത സർവ്വകലാശാലയിൽ നിന്നും എം.എ/എം.എഡ്/എം.എസ്.സി ഹോം സയൻസ്/എം എസ് സി സൈക്കോളജി, യോഗ്യതയുള്ള ടീച്ചർ എജ്യൂക്കേറ്റർമാർ/ഹയർസെക്കന്ററി/വി.എച്ച്.എസ്.ഇ/ഹൈസ്കൂൾ/ പ്രൈമറി അധ്യാപകർ എന്നിവർക്ക് അപേക്ഷിക്കാം. ഇതിനു പുറമേ കുറഞ്ഞത് 10 വർഷം അധ്യാപന പരിചയമുള്ള പ്രീപ്രൈമറി അധ്യാപകർ/പ്രീ-പ്രൈമറി ടീച്ചർ എജ്യൂക്കേറ്റർമാർ/ അംഗൻവാടി സൂപ്പർ വൈസർമാർ/വിരമിച്ച എസ്.സി.ഇ.ആർ.ടി/ഡയറ്റ്/ടി.ടി.ഐ/ പി.പി.ടി.ടി.ഐ അധ്യാപകർക്കും അപേക്ഷിക്കാവുന്നതാണ്. ആറുമാസം ദൈർഘ്യമുള്ള ടി കോഴ്സിൽ മൂന്ന് പേപ്പറുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. **പേപ്പർ -1, ശൈശവ കാല പരിചരണവും, വികാസവും - ശാസ്ത്രീയ അടിത്തറ, പേപ്പർ-2- ആരോഗ്യം-പോഷണം-പരിചരണം, പേപ്പർ- 3- ശിശുപരിചരണ കേന്ദ്രങ്ങളുടെ മാനേജ്മെന്റും ഭരണ നിർവ്വഹണ സംവിധാനവും.** നിർദ്ദിഷ്ട അപേക്ഷയിൽ ഏതു മേഖലയിലാണ് ക്ലാസ് കൈകാര്യം ചെയ്യാൻ താൽപര്യം എന്ന് മുൻഗണനാക്രമത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷകർക്ക് കമ്പ്യൂർ പരിജ്ഞാനം ഉണ്ടായിരിക്കണം.

ക്ലാസ്സുകൾ അവധി ദിവസങ്ങളിലായിരിക്കും സംഘടിപ്പിക്കുക. മണിക്കൂർ ഒന്നിന് 300/- രൂപ വീതം പ്രതിഫലം അനുവദിക്കും. യോഗ്യത സർട്ടിഫിക്കറ്റുകളുടെ ഗസറ്റ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഓൺ ലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

www.scolekerala.org വെബ്സൈറ്റിൽ Application for DCPM Instructor എന്ന ലിങ്ക് മുഖേന ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 10.03.2026 വൈകുന്നേരം 5 മണി.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA * SCOLE-KERALA
Vidhya Bhavan
Poojappura
Thiruvananthapurm
695012

എക്സിക്യൂട്ടീവ് ഡയറക്ടർ

C5/DCPM/lr.133